## റിപ്പോർട്ട് സമർപ്പണം

ശ്രീ. എ.കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മന്ത്രി റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുൻപ് എന്റെ ക്രമപ്രശ്നം എടുക്കണം.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, വിദ്യാഭ്യാസ വകുപ്പുമന്ത്രി റിപ്പോർട്ട് വയ്ക്കട്ടെ.

### 1. സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ........

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പണം കഴിഞ്ഞതിനുശേഷം അങ്ങയുടെ ക്രമപ്രശ്നം എടുക്കാം.

ശ്രീ. കെ.എൻ.എ. ഖാദർ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച ...

ശ്രീ. എ. കെ. ബാലൻ: സർ, ...........

മി. സ്പീക്കർ: യെസ് ..... ശ്രീ. കെ. എൻ. എ. ഖാദർ, പ്ലീസ്......

## 2. പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ തൊണ്ണൂറ്റി രണ്ട് മുതൽ തൊണ്ണൂറ്റി ആറ് വരെ റിപ്പോർട്ടുകൾ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ തൊണ്ണൂറ്റി രണ്ട് മുതൽ തൊണ്ണൂറ്റി ആറ് വരെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## 3. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ട് മുതൽ പതിനൊന്ന് വരെ റിപ്പോർട്ടുകൾ

ഡോ. എൻ. ജയരാജ്: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ എട്ട് മുതൽ പതിനൊന്ന് വരെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.